# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## പാലമേൽ

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : : കണ്ണൂർ

സ്കൂൾ കോഡ് : 13051

സ്കൂളിന്റെ പേര് : ടി.എം.എച്ച്.എസ്.എസ് വെള്ളോറ

മേൽവിലാസം : വെള്ളോറ, വെള്ളോറ പി.ഒ

പിൻ കോഡ് : 670306

ഫോൺ നമ്പർ : 04985 251442

ഇ-മെയിൽ വിലാസം : velloratmhss@gmail.com.

ഗ്രാമ പഞ്ചായത്ത് : എരമം കുറ്റൂർ

വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ്

സബ് ജില്ല : പയ്യന്നൂർ

ക്ലാസുകൾ : 8 മുതൽ 12 വരെ

മാനേജ്മെന്റ് : എയ്ഡഡ്

പഠനമാധ്യമം : മലയാളം + ഇംഗ്ലീഷ്

# ആമുഖം

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ഏക എയ്ഡഡ് ഹയർ-സെക്കന്ററി സ്കൂളാണ് ടി.എം.എച്ച്.എസ്.എസ്. വെള്ളോറ. പാഠ്യ പാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. കഴിഞ്ഞ കുറച്ചുവർഷങ്ങളിലായി SSLC ക്ക് 100% വിജയവും വളരെയധികം കുട്ടികൾക്ക് Full A+ഉം നേടി കൊടുത്ത് വിജയം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. വിവിധതരം സ്കോളർഷിപ്പുകൾക്ക് പരിശീലനം നൽകി, മത്സരപരീക്ഷകളിൽ പങ്കെടുപ്പിച്ച് തിളക്കമാർന്ന വിജയം നേടാനും സ്കൂളിന് സാധിക്കുന്നു. ഹയർസെക്കന്ററി വിഭാഗത്തിലും മികച്ച വിജയം നിലനിർത്താൻ സാധിക്കുന്നുണ്ട്.

ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത മനസ്സിലാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് ഉണ്ടാക്കാൻ സ്കൂളിന് സാധിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുപ്പിച്ച് മറ്റു കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം നൽകാനും

പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു. ഫലപ്രദമായ രീതിയിലുള്ള കൗൺസിലിംഗ് ക്ലാസ് എല്ലാ കുട്ടികൾക്കും നൽകി അവരുടെ പഠനത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിൽ നിന്നും അകറ്റി പഠന പിന്തുണ ഉറപ്പുവരുത്തുന്നു.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള വിവിധതരം പ്രവർത്തനങ്ങളുമാണ്. പഠനപ്രവർത്തനങ്ങൾ അതാത് സമയത്ത് വിലയിരുത്തുകയും കുറവുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകുകയും ചെയ്യുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റിന്റെയും പി-ടി. എയുടെയും പൂർവ്വവിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പൂർണ്ണസഹകരണം എല്ലാ സമയത്തും ലഭിക്കുന്നുണ്ട്.

## ടാഗോർ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ വെള്ളോറ

### ചരിത്രവഴികളിലൂടെ......

വെള്ളോറയുടെയും സമീപ പ്രദേശങ്ങളുടെയും ചരിത്രത്തെ സ്വാധീനിച്ച ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ്. ടാഗോർ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ. 1964ൽ ചെറിയ നിലയിൽ ആരംഭിച്ച് ഇന്ന് ജില്ലയിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനമായി തലയുയർത്തി നിൽക്കുന്ന സ്കൂളിന്റെ വികസന ചരിത്രം ആത്മാർത്ഥതയുടെയും ദീർഘവീക്ഷണത്തിന്റെയും വിജയം തന്നെയാണ് ഉദ്ഘോഷിക്കുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കിലോമീറ്ററുകൾ താണ്ടി പയ്യന്നൂർ പോലെയുള്ള പ്രദേശങ്ങളിലേക്ക് പോകേണ്ട സ്ഥിതിയിലായിരുന്നു ആദ്യകാലത്ത് ഈ പ്രദേശത്തുകാർ. അതുകൊണ്ടുതന്നെ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾക്കു മാത്രമേ ഉന്നതവിദ്യാഭ്യാസരംഗത്ത് കാലെടുത്തുവെക്കാൻ സാധിച്ചിരുന്നുള്ളൂ. ഈയൊരു അവസ്ഥയ്ക്ക് അറുതി വരുത്താനും വിദ്യാഭ്യാസത്തെ സാർവത്രികമാക്കാനും ആഗ്രഹിച്ച ഒരു കൂട്ടം പുരോഗമന കാംക്ഷികൾ വെള്ളോറ കേന്ദ്രമാക്കി ഒരു ഹൈസ്കൂൾ എന്ന ലക്ഷ്യവുമായി പ്രവർത്തനമാരംഭിച്ചു. ഹൈസ്കൂൾ അനുവദിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് വിദ്യാഭ്യാസമന്ത്രിക്ക് കത്തയക്കുകയും അതിന്റെ തുടർച്ചയായി 1964 ഏപ്രിൽ മാസത്തിൽ തന്നെ ഹൈസ്കൂൾ അനുവദിച്ച് കിട്ടുകയും ചെയ്തു.

ആദ്യ വർഷങ്ങളിൽ നൂറുശതമാനം SSLC വിജയത്തിളക്കം നേടാൻ സ്കൂളിന് സാധിക്കുകയുണ്ടായി. 1990 ൽ സ്കൂൾ മാതൃകാ വിദ്യാലയമായി ഉയർത്തപ്പെട്ടു. എയ്ഡഡ് മേഖലയിലെ ശ്രദ്ധിക്കപ്പെടുന്ന സ്കൂളായി വെള്ളോറ ടി.എം.എച്ച്.എസ് മാറിക്കഴിഞ്ഞു. സ്കൂളിന്റെ ചരിത്രത്തിലെ മറ്റൊരു നിർണ്ണായക വർഷമാണ് 2000. സയൻസ്, ഹ്യുമാനിറ്റിസ് കൊമേഴ്സ് ബാച്ചുകളിലായി ക്ലാസുകൾ ആരംഭിച്ചു. ഉന്നതവിജയം കൈവരിച്ചാണ് ഓരോ ബാച്ചും പടിയിറങ്ങുന്നത്.

**TMHSS ഇന്ന്...**

കഴിഞ്ഞ 62 വർഷക്കാലമായി വെള്ളോറ ഗ്രാമത്തിന് അക്ഷരവെളിച്ചം നൽകി നിറഞ്ഞ് നിൽക്കുകയാണ് ഈ വിദ്യാലയം.

തലമുറതലമുറ കൈമാറിവന്ന പാരമ്പര്യത്തനിമകൾ ചോർന്ന് പോവാതെ കാലത്തിനൊപ്പം സഞ്ചരിച്ച് വിദ്യാഭ്യാസത്തിന്റെ നവീന ആശയങ്ങൾ പുതുതലമുറകൾക്കായി പകർന്ന് നൽകുന്ന ഈ വിദ്യാലയം പഠന-പാഠ്യേതര സാംസ്കാരിക രംഗങ്ങളിൽ ശോഭ ഒട്ടും ചോരാതെ തലയെടുപ്പോടെ നിൽക്കുന്നു. ചുരുങ്ങിയ കാലം കൊണ്ടുതന്നെ കേരളത്തിലാകെ പേരും പ്രശസ്തിയും ആർജ്ജിച്ചെടുക്കാൻ വിദ്യാലയത്തിനായി എന്നത് അഭിമാനാർഹം.

കുരുന്നുകളുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകി അവരെ ഉയരങ്ങളിലേക്ക് എത്തിക്കാൻ അന്നും ഇന്നും എന്നും നിറമനസ്സോടെ ഒന്നായി നിൽക്കുകയാണ് ടീം വെള്ളോറ ടി.എം.എച്ച്.എസ്.എസ്.

## അക്കാദമികം

### നേട്ടങ്ങൾ

SSLC പരീക്ഷയിൽ 234 കുട്ടികളെ പരീക്ഷയ്ക്കിരുത്തി 100% വിജയവും 37 ഫുൾ A+ ഉം നേടാൻ വിദ്യാലയത്തിന് സാധിച്ചു. NMMS പോലെയുള്ള ഉയർന്ന തുക ലഭ്യമാകുന്ന സ്കോളർഷിപ്പ് പരീക്ഷകൾക്ക് നല്ല രീതിയിലുള്ള കോച്ചിംഗ് നൽകുകയും അത് കൂടുതൽ കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തു. ഇത്തരത്തിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വിജയത്തിലേക്ക് നയിക്കാനും കാരണമാകുന്നു.

SPC, JRC, സ്കൗട്ട്, ഗൈഡ്സ്, NSS, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ വിവിധ സന്നദ്ധ സേനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം കുട്ടികളിൽ വളർത്താനും കഴിയുന്നു. ഹയർസെക്കന്ററി വിഭാഗത്തിലും കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി സയൻസ് ഹ്യുമാനിറ്റിസ്, കൊമേഴ്സ് ബാച്ചുകളിൽ മികച്ച വിജയം നേടുന്നു. സ്കൂളിലെ NSS unit-ന് പീപ്പിൾസ് മിഷന്റെ പ്രത്യേക പുരസ്കാരം ഈ വർഷം ലഭ്യമായി.

പരിമിതികൾ:

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി
ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടി
സ്കൂളിന്റെ യശസ് ഉയർത്തുന്നു. എല്ലാ ക്ലാസ്
മുറികളിലും ഹൈടെക് സംവിധാനങ്ങൾ
ഉണ്ടെങ്കിൽ കൂടി അത് പല സന്ദർഭങ്ങളിലും
തകരാറിലായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ
മെയിന്റനൻസ് ചിലവേറിയതാണ്. ഹൈസ്കൂൾ
തലത്തിൽ പ്രത്യേക ലാബ് സൗകര്യങ്ങൾ എല്ലാ
വിഷയങ്ങൾക്കുമില്ല. പരീക്ഷണ നിരീക്ഷണ
ങ്ങളിലൂടെ പഠനപ്രവർത്തനങ്ങൾ പൂർത്തി-
കരിക്കണമെങ്കിൽ ഓരോ വിഷയങ്ങൾക്കും
പ്രത്യേക ലാബ് സൗകര്യം വികസിപ്പിച്ചെടു-
ക്കണം. IT ലാബുകളിലും കൂടുതൽ കമ്പ്യൂ-
ട്ടറുകൾ സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി
ജനപ്രതിനിധികളുടെ സഹായത്തോടെ
പുതിയ ഹൈടെക് കമ്പ്യൂട്ടർ ലാബ് ലഭ്യ-
മാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു
വരുന്നു.

## ഭൗതികമായ നേട്ടങ്ങൾ

മൈനസ്കൂൾ ബ്ലോക്കിൽ നിലവിൽ 17 ക്ലാസ് മുറികൾ വൈറ്റെക് സംവിധാനത്തോടുകൂടിയതാണ്. എല്ലാ ക്ലാസ്റൂമിലും വൈറ്റ് ബോർഡ് സംവിധാനമാണുള്ളത്. പുസ്തകത്താളുകളിൽ ഒതുങ്ങി നിൽക്കാതെ വിശാലമായ ചിന്താശ്രേണി കുട്ടികളിലെത്തിക്കാൻ കാലത്തിനൊത്ത ഫിലിം തിയേറ്റർ, റേഡിയോ (രാഗോൾ വാണി) തുടങ്ങിയവ ഒരുക്കുകയും അവർ തന്നെ അതിന് വേണ്ട പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ലൈബ്രറിയുടെ സഹായത്തോടുകൂടി പുസ്തകവിതരണം നടത്തിവരുന്നു. ഈ സൗകര്യം സ്കൂളിലെ ഭൂരിഭാഗം കുട്ടികളും പ്രയോജനപ്പെടുത്തുന്നു. 'ഗീതാഞ്ജലി' വായനാമുറി സ്കൂളിന്റെ മുഖമുദ്രയാണ്.

വിശാലമായ ഓപ്പൺ ഓഡിറ്റോറിയം ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും സ്കൂളിന്റെ മികവുകളിൽ ഒന്നാണ്. ഏഴാം തരത്തിലെ എല്ലാ കുട്ടികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാനാവശ്യമായ ഫർണിച്ചറുകളോടുകൂടിയ ഭക്ഷണപ്പുരയും സ്കൂളിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ്. അതിനു മുകളിലായി തന്നെ ഹാൾ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ശൗചാലയങ്ങൾ ലഭ്യമാണ്. SPC, സ്കൗട്ട്, ഗൈഡ്സ്, JRC തുടങ്ങിയ സേനകൾക്ക് പ്രത്യേക റൂം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിശാലമായ കളിസ്ഥലവും ഹാൻഡ്ബോൾ കോർട്ടും സ്കൂളിന്റെ പ്രത്യേകതകളിൽപ്പെടുന്നു.

## ഭൗതികമായ പരിമിതികൾ

മലയോരമേഖലയിലെ സ്കൂൾ ആയതിനാൽ യാത്രാപ്രശ്നം കുട്ടികളെ ഒന്നായി ബാധിക്കുന്നുണ്ട്. ദുർഘടമായ ഗ്രാമീണ പാതകളും കുട്ടികളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കുട്ടികളിൽ കൂടുതൽപേർ ആശ്രയിക്കുന്നത് ലൈൻ ബസിനെയാണ്. ബസിന്റെ പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതാണ്.

നിലവിൽ ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. സ്കൂളിലെ ശുചിമുറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആകർഷകമായ പൂന്തോട്ടങ്ങൾ സ്കൂളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

വിപുലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവലിയന്റെ കുറവ് സ്കൂളിൽ നിലനിൽക്കുന്നുണ്ട്. സ്പോർട്സ് മത്സരങ്ങൾ നടക്കുമ്പോൾ ഇതിന്റെ അഭാവം പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നുണ്ട്.

കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ സമയം കണ്ടെത്തേണ്ടതുണ്ട്.

## സാമൂഹിക നേട്ടങ്ങൾ.

സ്കൂളിലെ സന്നദ്ധ സംഘടനകളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. മക്കട ടൗണിൽ ഒരുക്കിയ പൂന്തോട്ടം, ഹോമിയോ ആശുപത്രി ഏറ്റെടുത്ത് ശുചീകരിക്കൽ, കടവനാട് ലൈബ്രറി സ്ഥാപിക്കൽ തുടങ്ങിയ ഏറെ മാതൃകാപരമായ പ്രവർത്തനങ്ങൾ നാട്ടിന്റെയാകെ അംഗീകാരം പിടിച്ചുപറ്റിയവയാണ്. അതുപോലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ എന്നിവയും സമൂഹത്തിന്റെ പ്രശംസ നേടിയിട്ടുണ്ട്.

## പരിമിതികൾ:

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠന സമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ടാകുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം.
3. ഇംഗ്ലീഷ് പഠനം - എളുപ്പമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രബോധനം പരിപാടി
6. ലബോറട്ടറി നവീകരണം
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം.
9. പൂന്തോട്ടമൊരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.
11. പഠനയാത്രകൾ.
12. സ്കൂൾ പത്രം, മാസിക
13. അദ്ധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാ പരിപോഷണം
16. പച്ചക്കറിത്തോട്ടം.
17. സാഹിത്യശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണ്ണയം.
20. സ്കൂൾ റേഡിയോ സംവിധാനം കാര്യക്ഷമമാക്കൽ
21. ഭാഷാ ലാബ്
22. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
23. കായികശേഷി വികസനം.
24. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ
25. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
26. ചോദ്യപേപ്പർ ശില്പശാല
27. ചിത്രരചനാ ക്യാമ്പ്
28. നാടക ക്യാമ്പ്
29. ശാസ്ത്ര, ഗണിത, SS, IT. പ്രവൃത്തി പരിചയമേളകൾ
30. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ.

# മലയാളം – അക്കാദമിക് മാസ്റ്റർപ്ലാൻ (HS)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. അടയാളം ഉറപ്പിക്കൽ.<br>4. അക്ഷരകാർഡ് നൽകൽ.<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക.<br>7. വാക്യങ്ങൾ നിർമിക്കുക.<br>8. ചിത്രം – തിരിച്ചറിവ്<br>9. ചിത്രം – കഥയെഴുതൽ.<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ടുമാസം [ആഗസ്റ്റ്, സെപ്റ്റംബർ] | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായന-ക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സമീപ ഗ്രന്ഥശാല അംഗത്വം<br>3. പത്രവായന.<br>4. വായനാനുഭവം<br>5. വായനക്കുറിപ്പ് – പതിപ്പ്<br>6. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം.<br>7. ദിനാചരണം | നാല് മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പിടിഎ അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തു-കാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. വായനക്കുറിപ്പ്, പതിപ്പ്<br>3. വ്യക്തിഗതരചന, സംഘരചന<br>4. സർഗ്ഗസൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ. | നാല് മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമഗ്രി | ചുമതല |
| --- | --- | --- | --- | --- |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി.<br>2. വിവിധ വിഷയം നൽകി പ്രസംഗം നടത്തൽ.<br>3. പ്രസംഗം അവതരിപ്പിക്കാ-നുള്ള വേദികൾ സജ്ജമാക്കുക. | ആറ് മാസം [ജൂലായ് ഡിസംബർ] | റേഡിയോ വീഡിയോ | അധ്യാപകർ. |

# ടാഗോർ മെമ്മോറിയൽ

# ഹയർസെക്കൻററി സ്കൂൾ വെള്ളോറ

# വാർഷികാസൂത്രണം - സംസ്കൃതം 2025-26

**********************************************

വിശ്വകവി ശ്രീ രവീന്ദ്രനാഥ ടാഗോറിൻറെ നാമത്തിലുള്ള ഈ വിദ്യാലയത്തിൽ വിശ്വഭാഷയായ സംസ്കൃതം ഒന്നാംഭാഷയായി തിരഞ്ഞെടുത്ത 8 മുതൽ 10 വരെയുള്ള വിദ്യാർത്ഥികളുടെ ഭാഷാപരവും വ്യക്തിത്വപരവുമായുള്ള സമ്പൂർണ്ണ വികാസത്തിനും അവരുടെ കഴിവുകൾ, ചിന്താശക്തി, നൈപുണികൾ, എന്നിവ വളർത്തിയെടുക്കുന്നതിന് വേണ്ടിയും ഉള്ള വാർഷികാസൂത്രണം.

2025-26 അധ്യയന വർഷത്തിൽ ജൂൺ പ്രാരംഭം മുതൽ മികവുറ്റ ഒട്ടനവധി പ്രവർത്തനങ്ങളാണ് കുട്ടികൾക്ക് വേണ്ടി പഠനത്തോടൊപ്പം തന്നെ നടത്തുവാൻ ഉദ്ദേശിക്കുന്നത്. നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും,മാസവും, പ്രതീക്ഷിക്കുന്ന ചിലവും താഴെ ചേർക്കുന്നു.

| നം | മാസം | പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചിലവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ജൂൺ | "മധുരം സംസ്കൃതം " എന്ന പേരിൽ എട്ടാം തരത്തിലെ സംസ്കൃതം ഒന്നാംഭാഷയായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കുള്ള ഏകദിന ശില്പശാല. | 4000 / | |
| 2 | ജൂലൈ | " വൈഖരി " എന്ന പേരിൽ സംസ്കൃതം ക്ലബ്ബ് രൂപീകരണം, ഭാരവാഹി തിരഞ്ഞെടുപ്പ് . | .................. | |
| 3 | ആഗസ്ത് | • സംസ്കൃത ദിനാചരണം<br>സംസ്കൃത പ്രദർശനി (എക്സിബിഷൻ)<br>8, 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങൾ.<br>• സംസ്കൃത ക്ലബ്ബ് ഉദ്ഘാടനം<br>• പ്രദേശത്തെ സ്കൂളുകളിലെ ഏഴാം തരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് പ്രശ്നോത്തരി മത്സരം. | 8000 / | "സമ്മാനത്തിന് സ്പോൺസറെ കണ്ടെത്തിയാൽ ചിലവ് കുറയ്ക്കാം. |
| 4 | സെപ്തംബർ | സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള സ്കൂൾതല പരീക്ഷ. | 250 / | |

| | | | | |
|---|---|---|---|---|
| | | • ക്ലബ്ബ് പ്രവർത്തനങ്ങൾ | | |
| 5 | ഒക്ടോബർ | വിവിധ ദിനാചരണങ്ങൾ, (ഗാന്ധിജയന്തി, വാല്മീകി ജയന്തി ) • ക്ലബ്ബ് പ്രവർത്തനങ്ങൾ. | 100 / | |
| 6 | നവംബർ | പത്താംതരം വിദ്യാർത്ഥികൾക്ക് രചനാ പാടവം വർദ്ധിപ്പിക്കുന്നതിന് ഏകദിന ശില്പശാല . • ക്ലബ്ബ് പ്രവർത്തനങ്ങൾ | 1500 / | |
| 7 | ഡിസംബർ | SSLC പരീക്ഷയുമായി ബന്ധപ്പെട്ട് പ്രത്യേക തയ്യാറെടുപ്പ്. • ക്ലബ്ബ് പ്രവർത്തനങ്ങൾ • ദിനാചരണങ്ങൾ, | 100 / | |
| 8 | ജനുവരി | • ക്ലബ്ബ് പ്രവർത്തനങ്ങൾ • SSLC പരീക്ഷയുമായി ബന്ധപ്പെട്ട് പ്രത്യേക തയ്യാറെടുപ്പ്. • | 100 / | |
| 9 | ഫെബ്രുവരി | • ക്ലബ്ബ് അവലോകനം • വാർഷിക പരീക്ഷ തയ്യാറെടുപ്പ്. | .................... | |
| | | ആകെ | 14050 / | |

കഴിഞ്ഞവർഷത്തെപ്പോലെതന്നെ ഇയർപ്ലാൻ അനുസരിച്ച് പാഠഭാഗങ്ങൾ തീർത്ത് വിദ്യാർത്ഥികൾക്ക് റിവിഷൻ നൽകി അവരെ പരീക്ഷയ്ക്ക് സജ്ജരാക്കും. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ജൂൺ മാസത്തിൽ തന്നെ കണ്ടെത്തി പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി അവരെ പഠനത്തിൽ മറ്റു കുട്ടികളോടൊപ്പം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കും.

കഴിഞ്ഞ അക്കാദമിക് വർഷത്തിൽ സംസ്കൃതം ഒന്നാംഭാഷയായി തിരഞ്ഞെടുത്ത 30 പേരും A+ കരസ്ഥമാക്കിയിരുന്നു. ഈ വർഷവും ഈ വിജയം നേടി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കുന്നതാണ്.

കഴിഞ്ഞ വർഷം സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ 6 ൽ 4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. എന്നാൽ അത് ഈ വർഷം 6 ൽ 6 ആക്കുന്നതിന് കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തി പരിശീലനം നൽകുന്നതാണ്.

- ## സംസ്കൃതോത്സവം

കഴിഞ്ഞ വർഷം ഉപജില്ലയിലും,ജില്ലയിലും, സംസ്ഥാനത്തും മികച്ച പ്രകടനമാണ് നമുക്ക് കാഴ്ചവെക്കാൻ സാധിച്ചത്.എന്നാൽ ഉപജില്ലയിൽ നേരിയ വ്യത്യാസത്തിലാണ് സംസ്കൃതോത്സവത്തിൽ ഒന്നാം സ്ഥാനം നഷ്ടമായത്. അത് മുന്നിൽകണ്ട് ഈ വർഷം സംസ്കൃത നാടകവും, കൂടിയാട്ടവുമടക്കം സംസ്കൃതോത്സവത്തിലെ 19 ഇനങ്ങളിലും കുട്ടികൾക്ക് മികച്ച പരിശീലനം നൽകി മികച്ച പ്രകടനം കാഴ്ചവെക്കുവാനുള്ള നടപടികൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കും.

കഴിഞ്ഞ വർഷം 3 ഇനങ്ങളാണ് സംസ്ഥാന തലത്തിൽ പങ്കെടുത്ത് A ഗ്രേഡ് കരസ്ഥമാക്കിയത്. അത് 5 ൽ കൂടുതൽ ആക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നതാണ്.

സംസ്കൃതോത്സവവുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന ചിലവുകൾ ചുവടെ ചേർക്കുന്നു. (ഇതിൽ മാറ്റം വരാം)

| നം | ഇനം | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|
| 1 | ഉപന്യാസ രചന | |
| 2 | കഥാ രചന | |
| 3 | കവിതാ രചന | |
| 4 | സമസ്യാപൂരണം | |
| 5 | അക്ഷരശ്ലോകം | |
| 6 | പ്രശ്നോത്തരി | |
| 7 | പദ്യം ചൊല്ലൽ | |
| 8 | പ്രഭാഷണം | |
| 9 | ചമ്പുപ്രഭാഷണം | |
| 10 | പാഠകം പെൺ | 500 / |
| 11 | പാഠകം ആൺ | 500 / |
| 12 | അഷ്ടപദി പെൺ | |
| 13 | അഷ്ടപദി ആൺ | |
| 14 | ഗാനാലാപനം പെൺ | |
| 15 | ഗാനാലാപനം ആൺ | |
| 16 | കൂടിയാട്ടം | 50000/ |
| 17 | നാടകം | 50000/ |
| 18 | വന്ദേമാതരം | 500 / |
| 19 | സംഘഗാനം | 500 / |
| | ആകെ | 102000 / |

2025-26 വർഷത്തെ വിദ്യാർത്ഥികളുടെയും ,വിദ്യാലയത്തിന്റെയും സമഗ്രമായ വികാസം ലക്ഷ്യംവയ്ക്കുന്ന ഈ വാർഷികാസൂത്രണം ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പിൽ വിനയത്തോടെ സമർപ്പിക്കുന്നു.

അഭിനന്ദ് സികെ

( HST SKT )

TMHSS VELLORA

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## അറബിക്

1. പ്രശ്നം: സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
ലക്ഷ്യം: അറബി ഭാഷ പഠിക്കുന്ന കുട്ടികളെ മികച്ച വായനക്കാരാക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം. هيا نقرأ | നിലവാര പഠനം | June 12-25 | AT | 100/- |
| | നിരീക്ഷണം | June 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ (കാർഡ്, പുസ്തകങ്ങൾ) | July 15 | PTA AC | 750/- |
| | തുടർവായന | July 16 - Jan 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായനാ ഫെസ്റ്റ് | ജനുവരി 1-10 | PTA, AC | 1500/- |

2. പ്രശ്നം: സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു
ലക്ഷ്യം: ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം هيا نتكلم في العربية | മജ്‌ലിസ് ഒരുക്കൽ | ജൂലൈ 1-30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5 - ഡിസംബർ 30 | AC | |

3. പ്രശ്നം: അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
ലക്ഷ്യം: അറബി ഭാഷ പഠിക്കുന്ന കുട്ടികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടൽ هيا نتعرف معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്റ്റ് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്റ്റ് | AT | |
| | • എന്റെ നിഘണ്ടു | ജൂലൈ - ജനുവരി | AC | 200/- |

4. പ്രശ്നം: പദസമ്പത്തിന്റെ കുറവ്.

ലക്ഷ്യം: പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബി ഭാഷയെ കൂടുതൽ അറിയൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദചങ്ങല നിർമ്മാണം | ജൂലൈ-ജനുവരി | AC | 100/- |
| لِنَتَعَلَّمْ اللُّغَة العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ-ആഗസ്റ്റ് | AC | 200/- |
| | ക്ലബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC club അംഗങ്ങൾ | |
| അറബിക് ക്ലബ് | അന്നശീദ് അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്റ്റ്-സെപ്റ്റംബർ | AC | 100/- |
| نادي اللغة العربية | അറബിക് ഡേ ദിനാചരണ ക്യാമ്പയിൻ | സെപ്റ്റംബർ ഡിസംബർ | PTA AC CLUB | 1500/- |
| | മാഗസിൻ പ്രകാശനം | നവംബർ | AC CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ-ജനുവരി | AC CLUB | |

# ഹിന്ദി അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഉപയോഗിച്ച് എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കിത്തീർക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ ഉത്സാഹവും താല്പര്യവും വളർത്തിയെടുക്കുക.

## ഒന്നാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| • അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>• ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>• അക്ഷരങ്ങൾ എഴുതാനും വായിക്കാനും ആവർത്തനം പരിശീലിക്കുന്നു. | • അക്ഷരമാല കാർഡുകൾ നൽകുന്നു.<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പഠിപ്പിക്കുന്നു. | ജൂൺ To ജൂലൈ |
| • അക്ഷരങ്ങൾ ചേർന്ന പദങ്ങൾ, ചിഹ്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | • ചിത്രങ്ങൾ കാണിച്ച് വിദ്യാർത്ഥികളുടെ ഭാഷാ ജ്ഞാനത്തിലൂടെ ഹിന്ദിയിൽ പദങ്ങൾ പഠിപ്പിക്കുന്നു.<br>• വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ആഗസ്റ്റ് To സെപ്റ്റംബർ |
| • ഹിന്ദി അക്ഷരമാല എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>• വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>• കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | • ഫ്ലാഷ് കാർഡുകൾ, പദസൂര്യൻ, പദഗോവണി എന്നിവ നൽകുന്നു.<br>• ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കാർഡ് നൽകുന്നു. | ഡിസംബർ To ജനുവരി |

## ഒന്നാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • ഹിന്ദി അക്ഷരങ്ങൾ വായിക്കാനും എഴുതാനും കഴിയുന്ന കുട്ടികളെ ഒരുക്കുന്നതിന് പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളോടൊപ്പം പദങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ To ജൂലൈ |
| • നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുന്നു. • ചെറിയ ചെറിയ സംഭാഷണങ്ങൾ എഴുതാൻ അറിയുന്നു. | • ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. • കഥ, കവിത കുട്ടികൾ തിരിച്ചറിയുന്നതിന് നൽകുന്നു സ്വയം ബോധ്യപ്പെടുത്താൻ (പരിശീലിപ്പിക്കാൻ) പറയുന്നു | ആഗസ്റ്റ് To സെപ്റ്റംബർ |
| • പോസ്റ്റർ തയ്യാറാക്കാൻ അറിയുന്നു. • കവിത വായിച്ച് ആശയങ്ങൾ മനസ്സിലാക്കി ആസ്വദിക്കാനറിയുന്നു | പോസ്റ്ററിനുള്ള മാതൃക നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി ആശയങ്ങൾ മനസ്സിലാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു. | ഒക്ടോബർ To നവംബർ |

## രണ്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ശേഷി മെച്ചപ്പെടുത്തുക. ലക്ഷ്യങ്ങളോട് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം ക്ലാസിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി ഭാഷയോട് താല്പര്യം ഹിന്ദി കലോത്സവം വിദ്യാലയത്തിൽ നടത്തുന്നു. കുട്ടികളുടെ ഉത്സാഹം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ & ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കാനാകുന്നു. കഥാ രചന സ്വായത്തമാക്കുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളുടെ ആസ്വാദനം, ചരിത്രം കുറിപ്പ് തയ്യാറാക്കാൻ പറയുന്നു. എന്നും ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | നവംബർ To ജനുവരി |

2025-26

# Academic Master Plan - English

| SL NO | LEARNING AREA | ACTIVITIES | TIME | DUTY | FINANCE |
|---|---|---|---|---|---|
| 1. | To enable the learners to speak English Confidently. | • A chart with My book<br>• A Step to English Library at home.<br>• Public speaking | 1st Term | English Club | PTA |
| 2 | To create Possibility for free reading and writing. | • Students Dictionary<br>• Word card.<br>• Sentence Card<br>• Book Review. | 2025-26 | Subject Council | PTA |
| 3. | Provide ample opportunity for expressions in English. | • Cinema and Documentary Profile and Script writing.<br>• Magazine Preparation | Class room activities | Subject Council | English Club |
| 4 | Dramatization | • English Assembly.<br>• Skit. | " | English Club | PTA |
| 5 | To enable the learners for Versification and recitation of poetry. | • Listening English audios.<br>• Conducting poetry Competitions | IInd Term | Subject Council | English Club |
| 6. | Using technology on developing LSRW Skills in English. | • Screening documentaries created by Students to teach Choreography. | 1st & IInd term | English Club | English Club |
| 7 | Encouraging creativity in Students. | • English Fest | IInd term | Subject Council | PTA + English club |
| 8. | Enable Students to achieve grammar Skills. | • A grammar enhancing programme. | 2025-26 | Subject Council. | PTA |

# സോഷ്യൽ സയൻസ്

## T M H S S വെള്ളോറ 2025 – 26

## അക്കാദമിക മാസ്റ്റർ പ്ലാൻ

സാമൂഹികശാസ്ത്ര പഠനം എളുപ്പത്തിലാക്കാനും, വിഷയത്തെക്കുറിച്ച് ആഴത്തിൽ അപഗ്രഥിക്കാനും, സമൂഹത്തെ സംബന്ധിച്ച് കൃത്യമായി മനസ്സിലാക്കാനും കഴിയുന്ന സാമൂഹിക സർവ്വേ സംഘടിപ്പിക്കണം. (ജനസംഖ്യ, രോഗങ്ങൾ, സാമ്പത്തിക ക്രമം, ജാതികൾ, തൊഴിൽ തുടങ്ങിയവ. )

പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി ഇടപെടുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ (വായന മൂല, സോഷ്യൽ സയൻസ് ക്വിസ് കോർണർ, സോഷ്യൽ സയൻസ് ലാബ് ഒരുക്കൽ)

മാനവികത, കരുണ, സ്നേഹം, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർ, ഭിന്നശേഷിക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

പാരിസ്ഥിതിക അവബോധവും, കൂട്ടായ ജീവിത സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ (സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ)

ചരിത്ര ശേഷിപ്പുകളെ തൊട്ടറിയാനും, പുതിയ കാലത്തിന്റെ ഗതി വിഗതികളെ ആഴത്തിൽ സ്പർശിക്കാനും പറ്റുന്ന വിധത്തിലുള്ള ചരിത്രാന്വേഷണത്തോടുകൂടിയുള്ള ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.

**അറിവ് ഉത്സവങ്ങൾ സംഘടിപ്പിക്കൽ** : പത്രവാർത്തകൾ, ആനുകാലികങ്ങൾ വായിച്ച് അറിവ് നേടൽ, ക്വിസ് മത്സരങ്ങൾ, സാമൂഹികശാസ്ത്രമേളയിലെ ശേഷി വികസിപ്പിക്കൽ, ഉന്നത പരീക്ഷകളിലേക്ക് സജ്ജമാക്കൽ തുടങ്ങിയവ ലക്ഷ്യമിട്ട് പരിപാടികൾ സംഘടിപ്പിക്കൽ.

പ്രാദേശിക ചരിത്ര രചന സംഘടിപ്പിക്കൽ : പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ വായന, എഴുത്ത് കുട്ടികളുമായി പങ്കുവെക്കൽ.

ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവ ഭൂപടം രൂപീകരിക്കൽ എന്നിവ സംഘടിപ്പിക്കൽ.

ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനു- മുള്ള പദ്ധതി.

**വിമുക്തി** : എക്സൈസ് വകുപ്പുമായി സംയുക്തമായി ലഹരി വിമുക്ത ക്യാമ്പസ്, ലഹരി വിമുക്ത സമൂഹം, ബോധവൽക്കരണം, സദസ്സുകൾ, നിരീക്ഷണം എന്നിവ സംഘടിപ്പിക്കൽ.

സേവന പ്രവർത്തനങ്ങൾ സോഷ്യൽ സയൻസ് ക്ലബ് വഴി നടത്തുക. ആശ്രിതർക്ക് ഒരു കൈത്താങ്ങ്, സാന്ത്വന പ്രവർത്തനങ്ങൾ, ചികിത്സാ സഹായം തുടങ്ങിയവ.

സ്ത്രീ ശാക്തീകരണം, സ്ത്രീ സുരക്ഷ എന്നിവക്കുള്ള പദ്ധതികൾ നടപ്പിലാക്കൽ. ക്ലാസുകൾ, ദിനാചരണം, സ്ത്രീപദവി ഉയർത്തേണ്ടതിന്റെ പ്രാധാന്യം തുടങ്ങിയവ കുട്ടികളിൽ എത്തിക്കൽ.

പുതിയകാലത്തെ വെല്ലുവിളികൾ മറികടക്കുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ : (സൈബർ ബോധവൽക്കരണം, കൗൺസിലിങ്, ലിംഗപദവി , മൊബൈൽ അഡിക്ഷൻ തുടങ്ങിയവയെ സംബന്ധിച്ച് തുടർച്ചയായ ഇടപെടലും ക്ലാസുകളും)

**ലക്ഷ്യം** : എല്ലാ കുട്ടികളെയും വിശ്വമാനവൻ എന്ന കാഴ്ചപ്പാടിലേക്ക് ഉയർത്താൻ, സമൂഹ ബന്ധിതമായ പ്രവർത്തനങ്ങളിലൂടെ മികവിലേക്ക് സാമൂഹിക ജീവി എന്ന ബോധ്യത്തിലേക്ക്, മൂല്യബോധത്തോടെ കൈപിടിച്ച് ഉയർത്തൽ.

**മോണിറ്ററിംഗ് :**

ഹെഡ്മിസ്ട്രസ്

SRG കൺവീനർ

സബ്ജക്ട് കൗൺസിൽ അംഗം

സ്കൂൾ പാർലമെന്റ് അംഗം

P T A / M P T A പ്രതിനിധി

**ധനകാര്യ ചിലവ് :**

| | |
|---|---|
| ഫീൽഡ് ട്രിപ്പ് – | 15,000/- |
| ചുമരുകൾ സജ്ജമാക്കൽ - | 10,000/- |
| ക്ലാസുകൾ, സാന്ത്വന പ്രവർത്തനം – | 5000/- |
| സോഷ്യൽ സയൻസ് ലാബ് - | 30, 000/- |
| | ---------------- |
| | 60,000/- |

<u>പദ്ധതി നടത്തിപ്പിനായുള്ള സമയക്രമം:</u>

30-06-2025 നുള്ളിൽ - പരിസ്ഥിതി അവബോധം, ക്ലബ് പ്രവർത്തനം, ശുചിത്വ പ്രവർത്തനം, ലഹരിക്കെതിരെ ബോധവൽക്കരണം, ക്വിസ് കോർണർ.

31-07-2025 നുള്ളിൽ - സേവന പ്രവർത്തനങ്ങൾ. സ്ത്രീ ശാക്തീകരണം ക്ലാസുകൾ.
31-08-2025 നുള്ളിൽ - സൈബർ ബോധവൽക്കരണം, കൗൺസിലിങ്
30-09-2025 നുള്ളിൽ - ഫീൽഡ് ട്രിപ്പ്
31-10-2025 നുള്ളിൽ - അറിവുത്സവം, സാമൂഹികശാസ്ത്രമേള ഒരുക്കം
30-11-2025 നുള്ളിൽ - പ്രാദേശിക ചരിത്രരചന
31-12-2025 നുള്ളിൽ - ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിക്കൽ
01-01-2026 നുള്ളിൽ - സാമൂഹിക സർവ്വേ
01-02-2026 നുള്ളിൽ - ക്രോഡീകരണം വിലയിരുത്തൽ

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| 1) കൗതുകം, നിരീക്ഷണ പാടവം ചിന്താശേഷി എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. കുട്ടികളെ മൈന്റ് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | PTA |
| 2. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | PTA |
| 3 മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | PTA<br>മാനേജ്മെന്റ്- |
| 4 പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരംഗം സൂക്ഷിക്കുന്നു.<br>നാടൻ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | PTA<br>കൃഷിവകുപ്പ്, ഹരിതസേന. |

| | | | | |
|---|---|---|---|---|
| 5 | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, അറിവ് നേടൽ | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ<br>ക്വിസ്, സെമിനാർ, പ്രോജക്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നു | അക്കാദ മിക വർദ്ധനം | മികവ് ഉന്ന |

# ഗണിതശാസ്ത്ര മികവ് വർദ്ധിപ്പിക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിച്ചുകൊണ്ടും ഗണിതത്തെ ലളിതമായും നിത്യജീവിതമായി ബന്ധിപ്പിച്ചും അവതരിപ്പിച്ചുകൊണ്ട് കുട്ടികളിൽ ഗണിതാഭിരുചിയും താൽപര്യവും വളർത്തുകയും ഗണിതമികവ് കൈവരിക്കുകയും ചെയ്യുക | 1) ഗണിതശാസ്ത്രത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം. | വർഷം മുഴുവൻ | ഗണിത അധ്യാപകർ/ തിരഞ്ഞെടുത്ത കുട്ടികൾ. |
| | 2) ഗണിത പുസ്തകം, ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം - കുട്ടികളിൽ നിർമ്മിതികളിലെ താൽപര്യം വർദ്ധിപ്പിക്കൽ. | ആദ്യ ടേമിൽ | ഗണിത അധ്യാപകർ |
| | 3) ഗണിതം അനായാസവും രസകരവും ആക്കുന്നതിന് വിദഗ്ദരുടെ പ്രത്യേക ക്ലാസുകൾ. | വർഷത്തിലൊരിക്കൽ | ക്ലബ്ബ് കൺവീനർ |
| | 4) ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ. പസിലുകൾ, ഗെയിംസ്, ഒറിഗാമി | ആദ്യ രണ്ട് ടേമുകളിൽ | ഗണിത അധ്യാപകർ |
| | 5) വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | വർഷം മുഴുവനും | ഗണിത അധ്യാപകർ |
| | 6) ഗണിതശാസ്ത്രമേളകളിലെ സജീവ പങ്കാളിത്തത്തിലൂടെ കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക. | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ |
| | 7) ICT സാധ്യതകളുപയോഗിച്ച് ഗണിത പരിശീലനം - ജിയോജിബ്ര തുടങ്ങിയവ. | വർഷം മുഴുവനും | ഗണിത അധ്യാപകർ |



TMHSS Vellora. Bindu.

# കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം | ഉപകരണസംഗീതത്തിലും മറ്റ് കലാവാസനകളിലും ഉള്ള കുട്ടികൾക്ക് വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | 1 വർഷം | ആർട്ട് ടീച്ചർ | PTA |
| ആർട്ട് ഗാലറി നിർമ്മാണം | ഗീതാഞ്ജലി വായനാ റൂമിൽ നാലുഭാഗത്തും ചിത്രങ്ങൾ വച്ച് ആർട്ട് ഗാലറി നിർമ്മിക്കൽ | 1 വർഷം | ആർട്ട് ടീച്ചർ | PTA |
| ചുവർ ചിത്രങ്ങൾ | ഉച്ചഭക്ഷണഹാളിന്റെ ചുവർ ചിത്രങ്ങൾ വച്ച് അലങ്കരിക്കൽ. | 1 വർഷം | ആർട്ട് ടീച്ചർ | PTA |

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷകളിലൂടെ ലഭ്യമാക്കൽ. | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ പരമാവധി കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 8 മാസം | സയൻസ് + മാത്സ് ടീച്ചർ | – |

## ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം, മനസ്സ് എന്നിവ രൂപപ്പെടുത്തൽ | • കരാട്ടെ, യോഗ, തൈക്കോണ്ടോ തുടങ്ങിയവയിൽ പരിശീലനം | എല്ലാ ദിവസവും | കായികാധ്യാപകൻ | PTA |
| | • സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപറഞ്ഞവയെല്ലാം പെൺകുട്ടികൾക്ക് പരിശീലനം നൽകാൻ | എല്ലാ ദിവസവും. | കായികാധ്യാപകൻ | PTA |

## കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ മികവുറ്റവരാക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ.<br>• ഫുട്ബോൾ പരിശീലനം<br>• വോളിബോൾ പരിശീലനം<br>• ഹാൻഡ്ബോൾ പരിശീലനം | 1 വർഷം | കായികാധ്യാപകൻ | PTA |

## കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകി നല്ല കുട്ടികളാക്കൽ. | • ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>• ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം പ്രശ്നപരിഹരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുള്ള കൗൺസിലിംഗ് | കൗൺസിലിംഗ് ടീച്ചർ | 1 വർഷം | PTA |

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി രക്ഷാകർത്താക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് ഉള്ള പഠനത്തിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗങ്ങൾ കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനപ്രശ്നങ്ങൾ, മികവ് മാർക്ക് ലഭിക്കാത്തതിലെ പ്രശ്നങ്ങൾ തുടങ്ങിയവയുടെ അവലോകനം CPTAയിൽ നടത്തുന്നു. | മാസത്തിലൊരിക്കൽ | SRG CLASS TR | - |

## പ്രാദേശിക സമിതി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക PTA (സമിതി) രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ ചർച്ചചെയ്യലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | SSLC പരീക്ഷയിൽ മികച്ച വിജയം നേടുന്നതിന് പത്താംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക സമിതി യോഗങ്ങൾ ചേരൽ. | വർഷത്തിൽ 3 തവണ | SRG PTA | PTA |

## ഉപസംഹാരം

പുതിയകാലത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വച്ചും ഭാവനാത്മകമായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് അനുദിനം മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ടി. എം. എച്ച്. എസ്. എസ് വെള്ളോറയുടെ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ നൽകിയിരിക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെല്ലാം കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമാക്കിയുള്ളതാണ്. 'സമഗ്ര ഗുണമേന്മാ വർഷം' എന്ന നിലയിൽ കൃത്യമായ ആസൂത്രണം ആദ്യമേ തന്നെ നടന്നു കഴിഞ്ഞു. കുട്ടികളുടെ മനസ്സും അഭിരുചിയും ചുറ്റുപാടും സാമ്പത്തിക നിലയുമെല്ലാം മനസ്സിലാക്കി തികച്ചും ജനാധിപത്യപരമായി ഈ പ്രവർത്തനങ്ങളെല്ലാം പരിപൂർണ്ണതയിലേക്ക് എത്തിക്കാൻ സമൂഹത്തിന്റെ കൂട്ടായ്മയിലൂടെ സാധിക്കുമെന്ന ഉത്തമ വിശ്വാസത്തോടുകൂടിയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.